**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1707** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോട്ടുകാൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കോവളം മണ്ഡലത്തിലെ കോട്ടുകാൽ ഗ്രാമപഞ്ചായത്തിൽ 2014-15 വർഷത്തിൽ ലോക ബാങ്ക് നൽകിയ തുക വിനിയോഗിച്ച് ആരംഭിച്ച മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം തുടർ വർഷങ്ങളിൽ പ്രസ്തുത ധനസഹായം നിർത്തിയതോടെ മുടങ്ങിയിരിക്കുകയാണോ; | (എ) | കോട്ടുകാൽ ഗ്രാമപഞ്ചായത്തിന്റെ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം ലോകബാങ്ക് സഹായം നിർത്തിയതോടെ മുടങ്ങിയിരിക്കുകയാണ്. എന്നാൽ ടി പ്രവൃത്തിയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ തനതു ഫണ്ട് 25,00,000/- രൂപയും ധനകാര്യ കമ്മീഷൻ (ബേസിക് ഗ്രാന്റ്) 25,00,000/- രൂപയും ഉൾപ്പടെ ആകെ 50,00,000/- രൂപ വകയിരുത്തി പ്രോജക്റ്റ് അംഗീകാരം നേടിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ആകെ അടങ്കൽ തുകയായ 3.25 കോടിയിൽ 1.06 കോടി ചെലവഴിച്ച പ്രസ്തുത പ്രവൃത്തിയിൽ ബാക്കി തുക സർക്കാർ അനുവദിച്ച് നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (ബി) | ഗ്രാമപഞ്ചായത്തിൽ നിന്നും ഇത് സംബന്ധിച്ച് പ്രൊപ്പോസലൊന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ